ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/40559/2024-GEA3 തീയതി: 01-08-2025

നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം -മുൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ ക്ലർക്ക് ശ്രീമതി. ഗിരിജ.എ-യുടെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 16.10.2024 തീയതിയിലെ LSGD/JD/PKD/7546/2024-A4 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 22.05.2010 തീയതിയിലെ ഇ6.24600/2009 നമ്പർ ഉത്തരവ്.
3. ടൂറിസം വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.08.2010-ലെ ഇ1.3288/2009 നമ്പർ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 13.06.2013 തീയതിയിലെ എസ്.1.14444/2013 നമ്പർ ഉത്തരവ്.
5. 06.02.2013 ലെ G.O(P) No. 5/2013/P&ARD ഉത്തരവ്.
6. 10.07.2014 ലെ G.O(P) No. 20/2014/P&ARD ഉത്തരവ്.
7. 14.11.2014 ലെ G.O(P) No.38/2014/P&ARD ഉത്തരവ്.
8. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(ഉപദേശക-സി) വകുപ്പിന്റെ 24.09.2024 തീയതിയിലെ ഉപ.സി.3/100/2024/P&ARD നം സർക്കുലർ

പാലക്കാട് ജില്ലയിലെ നല്ലേപ്പള്ളി ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്കായ ശ്രീമതി.ഗിരിജ.എ കേരള പബ്ളിക്ക് സർവ്വീസ് കമ്മിഷൻറെ ജില്ലാ തല ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതയായ ശേഷം അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേനയാണ് പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതെന്നും തനിക്ക് ആദ്യ അഡ്വൈസ് തീയതി അടിസ്ഥാനമാക്കി ക്ലർക്ക് തസ്തികയിൽ സീനിയോറിറ്റി അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് സൂചന (1) പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി. ഗിരിജ.എ-യ്ക്ക് കേരള പി.എസ്.സി പാലക്കാട് ജില്ലാ ഓഫീസറുടെ 25.04.2009 തീയതിയിലെ PII(3)201/07.8(1) നിയമന ശുപാർശ പ്രകാരം ടൂറിസം വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിലാണ് എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ചത്. തുടർന്ന് സൂചന (2) ഉത്തരവിലൂടെ അന്തർവകുപ്പ് സ്ഥലം മാറ്റം വഴി ടിയാൾക്ക് പഞ്ചായത്ത് വകുപ്പിലേക്ക് നിയമനം ലഭിക്കുകയും സൂചന (3) ഉത്തരവ് പ്രകാരം

28.08.2010-ന് ടൂറിസം വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 30.08.2010 ന് പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച പഞ്ചായത്ത് വകുപ്പിലെ 01.07.2008 മുതൽ 31.12.2011 വരെയുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 30.08.2010 അടിസ്ഥാനമാക്കി ക്രമ നം.1616 ആയാണ് ശ്രീമതി.ഗിരിജ.എ ഉൾപ്പെട്ടിട്ടുള്ളത്.

സർക്കാർ ജീവനക്കാർക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച സൂചന(5) ഉത്തരവിൽ ജില്ലാതല റാങ്ക് പട്ടികകളിൽ നിന്നും ആസ്ഥാനകാര്യാലയത്തിൽ നിയമിതരാവുകയും ടി ഉത്തരവിലെ ഖണ്ഡിക3(Vii), 3(iX) എന്നിവ പ്രകാരം മാതൃജില്ലയിൽ മറ്റ് വകുപ്പുകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് കെ.എസ്സ് & എസ്.എസ്.ആർ ഭാഗം II, ചട്ടം27(സി) പ്രകാരമുള്ള സീനിയോരിറ്റി സംരക്ഷിച്ചു നല്കാവുന്നതാണ് എന്ന് സൂചന(6), (7) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. സൂചന (8) സർക്കുലർ പ്രകാരം ഇത്തരത്തിൽ ആദ്യ അഡ്വൈസ് തീയതി പ്രകാരം സീനിയോറിറ്റി സംരക്ഷിച്ച് നൽകുന്നതിന് സൂചന (6), (7) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശ്രീമതി.ഗിരിജ.എ-യ്ക്ക് ആദ്യ അഡ്വൈസ് തീയതിയായ 25.04.2009 അടിസ്ഥാനമാക്കി ക്ലർക്ക് തസ്തികയിൽ സീനിയോറിറ്റി ലഭിക്കുന്നതിന് അർഹതയുള്ളതാണ്. ആയതിനാൽ സൂചന (4) പ്രകാരമുള്ള മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി.ഗിരിജ.എ-യുടെ സ്ഥാനം ആദ്യ അഡ്വൈസ് തീയതിയായ 25.04.2009 അടിസ്ഥാനമാക്കി ക്രമ നം. 269 ശ്രീമതി. സുധ.ബി ക്രമ നം. 270 വിനോദ് കുമാർ.ബി ക്കും മദ്ധ്യേ 269 A ആയി പുന:ക്രമീകരിക്കുന്നതിനും പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 30.08.2010 അടിസ്ഥാനമാക്കി ശ്രീമതി.ഗിരിജ.എ ഉൾപ്പെട്ടിട്ടുള്ള ക്രമനം.1616-ൽ നിന്നും ടിയാളെ ഒഴിവാക്കി ക്രമ നം.1616 DELETED എന്ന് രേഖപ്പെടുത്തുന്നതിനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഉചിതമാർഗ്ഗേണ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപം ലഭ്യമാകാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

Prasannakumar V D
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ശ്രീമതി. ഗിരിജ.എ(ജില്ലാ ജോയിന്റ് ഡയറക്ടർ, പാലക്കാട് മുഖേന)
3. സീനിയർ സൂപ്രണ്ട്, IE-സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
5. കരുതൽ/അധികം.

**Signed by Prasannakumar. V. D**
**Date: 01-08-2025 13:13:45**